**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ — മരണമടഞ്ഞ കണ്ടിജന്റ് സ്വീപ്പർ വള്ളി കൃഷ്ണമ്മയുടെ പെൻഷൻ ആനുകൂല്യങ്ങൾ നിലവിലുള്ള ഏക അവകാശിയായ മകൾ ശ്രീമതി.തൈവാനയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1587/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 16/05/2017

പരാമർശം : 1) കൊല്ലം സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ 01/02/2012 തീയതിയിലെ എഫ്-8919/2011/KDis നമ്പർ സാക്ഷ്യപത്രം.

2) ശ്രീമതി.തൈവാനയുടെ 24/03/2015 തീയതിയായുള്ള അപേക്ഷ.

3) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 30/03/2015 തീയതിയിലെ എച്ച്8-41318/08 നമ്പർ കത്ത്.

4) നഗരകാര്യ ഡയറക്ടറുടെ 24/06/2015 തീയതിയിലെ ഇ 2-7929/15 നമ്പർ കത്ത്.

5) കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറുടെ 08/12/2016 ലെ 698/ജിഎൽ/16-31 നമ്പർ റിപ്പോർട്ട്.

6) 16/12/2016 തീയതിയായുള്ള ഇൻഡംമ്നിറ്റി ബോണ്ട്.

7) നഗരകാര്യ ഡയറക്ടറുടെ 06/02/2017 തീയതിയിലെ ഇ 2-7929/15 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സ്വീപ്പറായി ജോലി നോക്കി വരവെ മരണപ്പെട്ട വള്ളി കൃഷ്ണമ്മയുടെ അർഹതപ്പെട്ട ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, ടെർമിനൽ സറണ്ടർ ആശ്രിതർക്കുള്ള ജോലി എന്നിവയുടെ അവകാശിയായ മകൻ ചിന്നതമ്പിയെ 27/9/1998 മുതൽ കാൺമാനില്ലായെന്നും ഇൻഡ്യൻ തെളിവ് നിയമത്തിലെ 108-ാംവകുപ്പ് പ്രകാരം ഒരാളെക്കുറിച്ച് ഏഴ് വർഷമായി കേൾക്കാനില്ലെങ്കിൽ മരണപ്പെട്ടതായി കണക്കാക്കാവുന്ന സാഹചര്യത്തിൽ വള്ളികൃഷ്ണമ്മയുടെ നിലവിലുള്ള ഏക അവകാശിയാണ് ശ്രീമതി.തൈവാനയെന്നുമുള്ള പരാമർശം (1) പ്രകാരമുള്ള കൊല്ലം സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, മേൽ പെൻഷൻ ആനുകൂല്യങ്ങൾ തനിക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരേതയുടെ ജീവിച്ചിരിക്കുന്ന ഏക അവകാശിയായ ശ്രീമതി.തൈവാന കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി മുഖേന സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള അപേക്ഷയും സഹപത്രങ്ങളും സർക്കാരിന്റെ പരിഗണനയ്ക്കായി പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ശ്രീ.ചിന്നത്തമ്പിയെ 18 വർഷം മുമ്പ് മുതൽ കാൺമാനില്ലായെന്ന പരാമർശം (5) പ്രകാരമുള്ള കൊല്ലം ഈസ്റ്റ് പോലീസ് സബ് ഇൻസ്പെക്ടർ റിപ്പോർട്ടും പരാമർശം (6) പ്രകാരമുള്ള

ശ്രീമതി.തൈവാനയുടെ ഇൻഡമ്നിറ്റി ബോണ്ടും പരാമർശം (7) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രത്തിന്റെയും, കൊല്ലം ഈസ്റ്റ് പോലീസ് സബ് ഇൻസ്പെക്ടർ റിപ്പോർട്ടിന്റെയും, ശ്രീമതി.തൈവാനയുടെ അപേക്ഷയുടെയും ഇൻഡമ്നിറ്റി ബോണ്ടിന്റെയും അടിസ്ഥാനത്തിൽ, കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ സ്വീപ്പറായി ജോലി നോക്കി വരവെ മരണപ്പെട്ട വള്ളി കൃഷ്ണമ്മയുടെ അർഹതപ്പെട്ട ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, ടെർമിനൽ സറണ്ടർ മുതലായ പെൻഷൻ ആനുകൂല്യങ്ങൾ പരേതയുടെ ജീവിച്ചിരിക്കുന്ന ഏക അവകാശിയായ മകൾ ശ്രീമതി.തൈവാനയ്ക്ക് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
ഷിബു.എ.റ്റി
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ